**ഇൻഫർമേഷൻ കേരള മിഷൻ**
**റ്റി സി. നം. 25/3264(1) സ്വരാജ് ഭവൻ,**
**നന്തൻകോട്, കവടിയാർ പി. ഒ തിരുവനന്തപുരം - 695 003**
**ഫോൺ: 0471-2312230**

**നമ്പർ. 620/ഇ 1/2021/ഐ.കെ.എം** 08.11.2021

## <u>സർക്കുലർ</u>

വിഷയം:- ഇൻഫർമേഷൻ കേരള മിഷൻ -അവധി അപേക്ഷകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 15.07.2019 ലെ 2427/ഇ 3/2019/ഐ.കെ.എം നമ്പർ ഉത്തരവ്

ഇൻഫർമേഷൻ കേരള മിഷൻ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ അവധി അപേക്ഷകൾ യഥാസമയം സമർപ്പിക്കുന്നതിന് മേൽസൂചന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആയതു കൃത്യമായി പാലിക്കുന്നില്ല എന്നും, ജീവനക്കാർ ലീവുകൾ സൂചികയിൽ അപേക്ഷിച്ച് അംഗീകാരം വാങ്ങാതെ അവധിയിൽ പ്രവേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയുംപ്രകാരം അപേക്ഷിക്കുന്നവർക്ക് മാത്രമേ അവധികൾ അനുവദിക്കുകയുള്ളൂ, അല്ലാത്തപക്ഷം അനധികൃത ഹാജരില്ലായ്മയായി പരിഗണിച്ച് കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

Commutted leave, Earned leave, Halfpay Leave, LWA, മൂന്ന് ദിവസത്തിൽ അധികമുള്ള Casual leave അപേക്ഷകളും, ജീവനക്കാർ അവധിയിൽ പോകുന്ന ദിവസത്തിന് മുൻപായി സൂചികയിൽ അപേക്ഷിച്ച് അംഗീകാരം ലഭിച്ചുവെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രം അവധിയിൽ പ്രവേശിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിലുള്ള അവധിയിൽ പ്രവേശിച്ച തീയതിയ്ക്ക് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ജീവനക്കാർ വൈകി സമർപ്പിക്കുന്ന അവധി അപേക്ഷകൾ ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ ഉത്തരവ് 08.11.2021 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

**സൈമ എസ്**
**കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ പൂർണ്ണ അധിക ചുമതല**

എല്ലാ ജീവനക്കാർക്കും